**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3407** **14-07-2022 - ൽ മറുപടിയ്ക്ക്**

**കാർഷികോല്പാദനം വിപുലീകരിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. എ. രാജ,<br>ശ്രീ. പി. ടി. എ. റഹീം | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷികോല്പാദന വിപുലീകരണത്തിനായി നല്ലയിനം നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നതിനും ധനസഹായ പദ്ധതികൾ, യന്ത്രവത്കരണം, കീട നിയന്ത്രണം തുടങ്ങിയ സേവനങ്ങൾ ലഭ്യമാക്കുന്നതിനുമായി കൃഷി ഭവനുകൾക്കുള്ള പ്രാധാന്യം പരിഗണിച്ച് അവയുടെ പ്രവർത്തനം മികവുറ്റതാക്കാൻ നടപടിയെടുത്തിട്ടുണ്ടോ; സ്മാർട്ട് കൃഷി ഭവൻ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | കാർഷികോല്പാദന വിപുലീകരണത്തിനായി നല്ലയിനം നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നതിനും ധന സഹായ പദ്ധതികൾ, യന്ത്രവൽക്കരണം, കീടനിയന്ത്രണം തുടങ്ങിയ സേവനങ്ങൾ ലഭ്യമാക്കുന്നതിനുമായി കൃഷിഭവൻ തലത്തിൽ കാർഷിക കർമ്മസേനകളും ബ്ലോക്കുതലത്തിൽ അഗ്രോ സർവ്വീസ് സെന്ററുകളും പ്രവർത്തിച്ചു വരുന്നു. പഞ്ചായത്തു തലത്തിൽ നിലവിൽ 368 കാർഷിക കർമ്മസേനകളും ബ്ലോക്കുതലത്തിൽ 107 അഗ്രോ സർവ്വീസ് സെന്ററുകളും/കൃഷിശ്രീ സെന്ററുകളും പ്രവർത്തിച്ചു വരുന്നുണ്ട്.<br><br>കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സേവനങ്ങൾ കാര്യക്ഷമമായും സുതാര്യമായും കർഷകരുടെ വിരൽത്തുമ്പിൽ എത്തിക്കുന്നതിനും, കർഷക സമൂഹത്തിന്റെ എല്ലാ ആവശ്യങ്ങളും ഏകജാലക സംവിധാനത്തിൽ നിറവേറ്റുന്നതിനുമാണ് "സ്മാർട്ട് കൃഷി ഭവൻ" പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. സർവ്വീസ് ഡെലിവറി, അടിസ്ഥാന സൗകര്യങ്ങൾ, ഇൻഫർമേഷൻ സിസ്റ്റം എന്നിങ്ങനെ മൂന്നു മേഖലകളിൽ കൃഷി ഭവനെ മികച്ചതാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. സ്മാർട്ട് കൃഷി ഭവന്റെ അന്തിമ രൂപം സർക്കാർ തലത്തിൽ രൂപപ്പെടുത്തുന്ന പ്രക്രിയ പുരോഗമിച്ചു വരുന്നു. |
| (ബി) | കാർഷിക സേവനങ്ങൾ കർഷക സൗഹൃദമാക്കുന്നതിന് ഡിജിറ്റൈസേഷൻ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ മെച്ചങ്ങൾ എന്തൊക്കെയാണ്; | (ബി) | ഉണ്ട്. കാർഷിക സേവനങ്ങൾ കർഷക സൗഹൃദമാക്കുന്നതിനു ഡിജിറ്റൈസേഷൻ നടപ്പിലാക്കി സേവനങ്ങൾ ഓൺലൈനായി പ്രദാനം ചെയ്യുന്നതിലേക്കായി നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററുമായി (NIC, Kerala) ചേർന്ന് അഗ്രികൾച്ചർ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (AIMS) എന്ന സമഗ്ര ഇൻഫർമേഷൻ പോർട്ടൽ വികസിപ്പിച്ച |

| | | | |
|---|---|---|---|
| | | | വരുന്നു. നിലവിൽ 5 സേവനങ്ങൾ പോർട്ടൽ വഴി കർഷകർക്ക് നൽകുന്നുണ്ട്. പ്രകൃതി ക്ഷോഭം മൂലം കൃഷിനാശം സംഭവിച്ച കർഷകർക്കുള്ള നഷ്ടപരിഹാര ആനുകൂല്യം നൽകൽ, കർഷകരുടെ വിള സംരക്ഷണത്തിനായും വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗത്വമെടുക്കുന്നതിനുള്ള സംവിധാനം, ഇൻഷ്വർ ചെയ്ത വിളകൾ പ്രകൃതിക്ഷോഭം മൂലം നശിച്ചാൽ കർഷകർക്ക് സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി പ്രകാരം നഷ്ടപരിഹാര ആനുകൂല്യം നൽകൽ, നെൽവയൽ ഉടമകൾക്കുള്ള റോയൽറ്റി നൽകൽ, കർഷകരുടെ പഴം-പച്ചക്കറി ഉത്പന്നങ്ങൾക്ക് വില സ്ഥിരത ഉറപ്പ വരുത്തുന്നതിനുള്ള അടിസ്ഥാന വില പദ്ധതി തുടങ്ങി കർഷകർക്ക് ഏറ്റവും ആവശ്യമായ സേവനങ്ങളാണ് ആദ്യ ഘട്ടമെന്ന നിലയിൽ AIMS പോർട്ടൽ വഴി നൽകിവരുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാർ കർഷകർക്ക് വിവിധ പദ്ധതികൾ വഴി നൽകി വരുന്ന സേവനങ്ങൾ എല്ലാം തന്നെ ഘട്ടം ഘട്ടമായി AIMSപോർട്ടലിൽ കൊണ്ട് വരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | കർഷകർക്കെല്ലാം പ്രത്യേക തിരിച്ചറിയൽ നമ്പർ നൽകി സേവനങ്ങൾ ഓൺലൈൻ പോർട്ടൽ വഴിയാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ? | (സി) | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് NIC കേരളയുടെ സഹായത്തോടെ വികസിപ്പിച്ചു വരുന്ന AIMS പോർട്ടലിൽ കർഷകർക്ക് ഒറ്റത്തവണ രജിസ്ട്രേഷൻ നടത്താനുള്ള സംവിധാനം നിലവിലുണ്ട്. രജിസ്ട്രേഷൻ പൂർത്തിയാക്കുന്ന എല്ലാ കർഷകർക്കും പ്രത്യേക തിരിച്ചറിയൽ നമ്പറായ ഒരു സ്മാർട്ട് ഐ.ഡി നൽകി വരുന്നു. ഈ നമ്പർ/ ഐ.ഡി ഉപയോഗിച്ച് കർഷകർക്ക് പോർട്ടലിൽ ലഭ്യമായ എല്ലാ ഓൺലൈൻ സേവനങ്ങൾക്കും അപേക്ഷിക്കുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ